പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3495 — 21-12-2012 - ലെ മറുപടിയ്ക്ക്

# 'എ-ത്രീ' സംഘടന മുഖേനയുള്ള ആർ.ഒ.പ്ലാന്റുകൾ

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് എ-ത്രീ എന്ന സംഘടന മുഖാന്തിരം ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കുമോ ;

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 5 പഞ്ചായത്തുകളിലാണ് ആദ്യ ഘട്ടമായി ആർ.ഒ. പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. 1) കൈനകരി 2) പുളിങ്കുന്ന് 3) വെളിയനാട് 4) കാവാലം 5) മുഹമ്മ.
ഓരോ പഞ്ചായത്തിലും 2 പ്ലാന്റുകൾ വീതം സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത ആർ.ഒ പ്ലാന്റുകളുടെ സ്പെസിഫിക്കേഷനും മറ്റ് വിശദ വിവരങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്ലാന്റുകളുടെ കാര്യശേഷി മണിക്കൂറിൽ 1000 L ആണ്. യു.വി.സിസ്റ്റവും ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ട് തുക ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | നിരക്ക് (രൂപ) | തുക (രൂപ) |
|---|---|---|---|
| 1 | സർവ്വേയും ബന്ധപ്പെട്ട ചിലവും | 1,00,000 | 5,00,000 |
| 2 | ആർ.ഒ. പ്ലാന്റ് സ്ഥാപിക്കൽ | 4,00,000 | 40,00,000 (10 യൂണിറ്റുകൾക്ക്) |
| 3 | ട്രെയിനിംഗ് | 10,000X60 | 6,00,000 |
| 4 | സ്കിൽ ട്രെയിനിംഗ് | 2000X20X5 | 2,00,000 |
| 5 | ഗ്രാമ പഞ്ചായത്തുകൾക്ക് ട്രെയിനിംഗ് | 10,000X3X5 | 1,50,000 |
| 6 | പ്രിന്റിംഗ് മറ്റ് സ്റ്റേഷനറി | - | 50,000 |
| 7 | വാട്ടർ ക്വാളിറ്റി കിറ്റ് | 2,000 X 10 | 20,000 |
| 8 | മറ്റ് ചിലവ് (റ്റി.എ, ടി.എ, റിസോർസ് പേഴ്സൺസിനു വേണ്ടിയുള്ള ഹോണറേറിയം) | - | 1,00,000 |

| | | | |
|---|---|---|---|
| | ലഘുലേഖ പ്രസിദ്ധീകരണം | | 1,00,000 |
| | സാങ്കേതിക അറിവ് വ്യാപനം | | 1,00,000 |
| | അഡ്മിനിസ്ട്രേറ്റീവ് ചിലവ് | | 8,73000 |
| | യാദൃശ്ചിക ചിലവ് | | 2,00,000 |
| | ആകെ തുക | | 68,93,000 |

68.93 ലക്ഷം രൂപയാണ് 2011-12 ൽ അനുമതി ലഭിച്ച അടങ്കൽ തുക. 2012-13 മുതൽ 2015-16 വരെയുള്ള 4 വർഷം ആവശ്യമായ അടങ്കൽ തുക 357.36 ലക്ഷം രൂപയാണ്. അങ്ങനെ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 426.29 ലക്ഷം രൂപയാണ്. [(357.36+68.93)ലക്ഷം]

(സി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് എ-ത്രീ സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ഡി) കളക്ടർ ചെയർമാനായുള്ള പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗങ്ങൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ ?

(ഡി) ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ എട്രിയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും ചേർന്നാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്